(ബി) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.†

112 (1156) കൃഷിഭവനുകൾ

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കൃഷി ഭവനുകൾ ഉണ്ട്;

(ബി) ഇവയുടെ ഉത്തരവാദിത്വങ്ങളും കർത്തവ്യങ്ങളും എന്താണെന്ന് വിശദീകരിക്കുമോ;

(സി) മണ്ണ് രാസപരിശോധന നടത്തി കർഷകന് വേണ്ട ഉപദേശം നൽകുവാൻ കൃഷിഭവനുകളിൽ എന്തെല്ലാം സൗകര്യങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1048.

(ബി) 1. കാർഷികവിളകളുടെ ഉൽപാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി കൃഷിക്കാർക്ക് ആവശ്യമായ സാങ്കേതിക വിജ്ഞാന വ്യാപനം നൽകുന്നു.

2. കൃഷിവകുപ്പും ത്രിതല പഞ്ചായത്തും നടപ്പാക്കുന്ന വിവിധ പദ്ധതികൾ യഥാസമയം കർഷകരിൽ എത്തിക്കുന്നു.

3. ഗുണനിലവാരമുള്ള നടീൽവസ്തുക്കൾ യഥാസമയം കർഷകരിൽ എത്തിക്കുന്നു.

4. കാർഷിക മേഖലയിലെ നൂതന സാങ്കേതിക വിജ്ഞാനം കർഷകരിൽ എത്തിക്കുന്നു.

(സി) കൃഷിഭവനുകളിൽ സംഘടിപ്പിക്കുന്ന സെമിനാറുകളിൽ മണ്ണു സാമ്പിളുകൾ എടുക്കുന്നതിനെക്കുറിച്ച് വിശദമായി ചർച്ച ചെയ്യുകയും പാട ശേഖര അടിസ്ഥാനത്തിൽ മണ്ണു സാമ്പിളുകൾ ശേഖരിക്കുകയും ചെയ്യുന്നു. കർഷകർ എടുക്കുന്ന സാമ്പിളുകൾ മണ്ണു പരിശോധനാ ലാബറട്ടറിയിൽ എത്തിക്കുകയും പരിശോധനാ ഫലം കിട്ടുമ്പോൾ അവ അപഗ്രഥിച്ച് വളപ്രയോഗം നടത്തുവാൻ ഉപദേശവും നൽകുന്നു.

113 (1158) യൂസ് ഓഫ് പ്ലാസ്റ്റിക് സ്കീം

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിൽ നിന്നും കൃഷിവകുപ്പുമുഖേന നടപ്പിലാക്കുന്ന 'യൂസ് ഓഫ് പ്ലാസ്റ്റിക് സ്കീം' പ്രകാരം കേരളത്തിലെ കർഷകർക്ക് ഗ്രീൻ ഹൗസ് നിർമ്മിക്കുന്നതിനും മീഡിയം കോസ്റ്റ് ഗ്രീൻഹൗസ് നിർമ്മിക്കുന്നതിനുവേണ്ടി കേന്ദ്രസർക്കാരിൽ നിന്ന് ധനസഹായം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്രയാണെന്ന് വ്യക്തമാക്കുമോ;

---

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ പദ്ധതി പ്രകാരം കേരളത്തിൽ എത്ര പേർക്ക് സഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഓരോ ഗുണഭോക്താവിനും എത്ര രൂപയാണ് സബ്സിഡിയായി അനുവദിച്ചിട്ടുള്ളത് എന്നറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. എന്നാൽ 1997-98 മുതൽ ലോകോസ്റ്റ് ഗ്രീൻഹൗസ് നിർമ്മിക്കുന്നതിനുമാത്രമാണ് കേന്ദ്രസഹായം ലഭിക്കുന്നത്.

(ബി) 124.95 ലക്ഷം രൂപയാണ് ഗ്രീൻഹൗസ് നിർമ്മാണത്തിനുവേണ്ടി ലഭിച്ചിട്ടുള്ളത്.

(സി) വിവരം ശേഖരിച്ചു വരുന്നതേയുള്ളൂ.

(ഡി) മൊത്തം ചെലവിന്റെ 50 ശതമാനമാണ് നല്കുന്നത്. ഇത് പരമാവധി ഒരു കർഷകന് 500 ചതുരശ്ര മീറ്ററിന് 31250 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്.

114 (1159) ആറളം കൃഷി ഫാം

ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ആറളം കൃഷി ഫാം സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ കൃഷി വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ അത് എപ്പോഴാണെന്നും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(ഇ) അതിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി) ആറളം ഫാം ഏറ്റെടുക്കുന്ന കാര്യം സർക്കാർ പരിഗണിച്ചു വരുന്നു. ഇതു സംബന്ധിച്ച് ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ കൃഷി (പി.പി.എം. സെൽ) വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയിൽ നിന്നും ചില വിവരങ്ങൾ ലഭിക്കേണ്ടതുണ്ട്. ഈ വിവരങ്ങൾ നല്കുന്നതിനുള്ള അനുവാദം ഇതേവരെ കേന്ദ്രസർക്കാരിൽ നിന്നും സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് ഇൻഡ്യക്ക് നൽകിയിട്ടില്ല.

(ഡി) 1998 മെയ് മാസത്തിലാണ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ കൃഷി (പി.പി.എം. സെൽ) വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയത്. ആവശ്യമായ വിവരങ്ങൾ സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയിൽ നിന്നും ലഭിക്കാത്തതിനാൽ റിപ്പോർട്ട് തയ്യാറാക്കാൻ സാധിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly